# ട്രാംവേ മുതൽ അതിരപ്പിള്ളി വരെ: കാടർ ആദിവാസികളും വികസനവും

ദിവ്യ കളത്തിങ്കൽ

ചാലക്കുടിപ്പുഴയുടെ വൃഷ്ടിപ്രദേശങ്ങളിൽ മാത്രം ജീവിച്ചുവരുന്ന കാടർ കേരളത്തിലെ അഞ്ച് പ്രാക്തന ആദിവാസി വിഭാഗത്തിൽ ഒരുവരാണ്. ചാലക്കുടിപ്പുഴയിൽ നിർമ്മിച്ച ആറ് അണക്കെട്ടുകളും വികസന-വനപരിപാലന നയങ്ങളും എങ്ങനെയാണ് കാടരുടെ ജീവിതത്തെ മാറ്റിമറിച്ചത്?

ഗവേഷക, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, മുംബൈ

**അ**തിരപ്പിള്ളി ജലവൈദ്യുത പദ്ധതി ചർച്ചയാവുമ്പോഴെല്ലാം മറക്കാൻ പാടില്ലാത്തത് പ്രാക്തന ആദിവാസി വിഭാഗമായ കാടരുടെ അതിജീവനത്തിന്റെ ചരിത്രം കൂടിയാണ്. കാടർക്ക് വികസന പദ്ധതികൾ പുതുമയല്ല. ചാലക്കുടിയിൽ നിന്നും പറമ്പിക്കുളത്തേക്ക് ബ്രിട്ടീഷുകാർ നിർമ്മിച്ച ട്രാംവേ മുതൽ അതിരപ്പിള്ളി വരെ നീളുന്ന ചരിത്രവ്യാപ്തിയുണ്ടതിന്. ചാലക്കുടിപ്പുഴയുടേയും അതിന്റെ പ്രധാന കൈവഴികളുടെയും കുറുകെ നിലവിലുള്ള ആറ് ഡാമുകളിലേക്ക് (പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം, അപ്പർ ഷോളയാർ, ലോവർ ഷോളയാർ, പൊരിങ്ങൽകുത്ത്) അതിരപ്പിള്ളി കൂടി കണ്ണിചേർക്കാൻ ശ്രമിക്കുമ്പോൾ ജീവിതം ഒരിക്കൽ കൂടി അനിശ്ചിതത്വത്തിലാവുന്ന പ്രധാന വിഭാഗം കാടരാണ്. ആനമലയുടെ വിവിധ ഭാഗങ്ങളിലായി നെല്ലിയാമ്പതി, പറമ്പിക്കുളം, വാഴച്ചാൽ, ചാലക്കുടി എന്നിവിടങ്ങളിൽ മാത്രമാണ് കാടർ അധിവസിച്ചുപോരുന്നത്. ആകെയുള്ള 25നു താഴെ വരുന്ന ഊരുകളിൽ ഇരുപതോളം ഊരുകൾ കേരളത്തിലും ബാക്കിയുള്ളവ തമിഴ്നാട്ടിലുമായി സ്ഥിതിചെയ്യുന്നു. ചാലക്കുടിപ്പുഴയുടെ വൃഷ്ടിപ്രദേശങ്ങളിൽ മാത്രം ജീവിച്ചുവരുന്ന കാടർ കേരളത്തിലെ അഞ്ച് പ്രാക്തന ആദിവാസി വിഭാഗത്തിൽ ഒരുവരാണ്. തടിയേതര വനവിഭവ ശേഖരണവും മീൻപിടുത്തവും ഇവരുടെ പ്രധാനപ്പെട്ട ഉപജീവന മാർഗ്ഗമാണ്. വനമേഖലയിലും ഭൂപ്രകൃതിയിലുമുള്ള കാടരുടെ ഗ്രാഹ്യം മനസ്സിലാക്കിയ തർസ്റ്റൺ (1909) അവരെ 'ആനമലയിലെ രാജാക്കന്മാർ' എന്ന് വിശേഷിപ്പിക്കുന്നുണ്ട്.

ഭരണകൂടം കാടർ മേഖലയിലേക്ക് കടന്നുവരുന്നത് ഇതാദ്യമല്ല. ഇതു തുടങ്ങുന്നത് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ്. കൊച്ചിയെ പ്രധാനപ്പെട്ട വ്യവസായകേന്ദ്രമാക്കി മാറ്റാനുള്ള ആദ്യപടിയായി രാജവംശം കണ്ടത് പറമ്പിക്കുളം മേഖലയിലെ വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിലൂടെയാണ്. ഇതിന് വേണ്ടി 1901 ൽ നിർമിച്ചത് ഒരുക്കൊമ്പൻ മുതൽ ചിന്നാർ (ചാലക്കുടിക്കടുത്ത്) വരെ നീളുന്ന 82 കിലോമീറ്റർ നീളം വരുന്ന ഒരു വുഡൻ റെയിൽവേ തന്നെ ആയിരുന്നു. ട്രാംവേ നശിപ്പിച്ചത് അവിടുത്തെ വിലപിടിപ്പുള്ള മരങ്ങൾ മാത്രമല്ല. മറിച്ച് വലിയ ഒരു ജൈവസമ്പദ്വ്യവസ്ഥ തന്നെയാണ് എന്ന് മാമ്മൻ ചുണ്ടമണ്ണിൽ അദ്ദേഹത്തിന്റെ പഠനത്തിൽ പറയുന്നുണ്ട്.

1942 ൽ ചാലക്കുടി ആനമല റോഡ് വരുന്നതോടുകൂടി മരം കടത്തുന്നതിന് സുഗമമായ പാത ലഭിക്കുകയും തുടർന്ന് അതിഭീകരമായ നഷ്ടത്തിൽ ഓടുന്ന ട്രാംവേ 1963-ൽ പൊളിച്ചുമാറ്റുകയും ചെയ്തു. പറമ്പിക്കുളം കുര്യാർക്കുട്ടി മേഖലയിൽ ഉള്ളവർക്ക് ട്രാംവേയുടെ ചെറിയ ഓർമ്മകൾ നിലനിൽക്കുന്നുണ്ട്. മരംപിടിക്കാൻ ആനകളെ ഉപയോഗിച്ചിരുന്നുവെന്നും അനാദിവാസികൾ ധാരാളമായി ട്രാംവേ പണികളിൽ ഏർപ്പെട്ടിരുന്നുവെന്നും

കാടർ പറയുന്നു. വർമ്മ (2005) സൂചിപ്പിക്കുന്നതുപോലെ കുര്യാർക്കുട്ടി ആദിവാസി ഊര് എന്നുപറഞ്ഞ് ആദിവാസികളെ കുടിയിരുത്തയത് തന്നെ ട്രാംവേയുടെ പണിക്ക് വേണ്ടിയാണ്. ഈ വാദത്തെ കാടരും ശരിവയ്ക്കുന്നുണ്ട്. ഒരുക്കൊമ്പന്റെ പല ഭാഗങ്ങളിൽ മീൻപിടിച്ച് ജീവിച്ചിരുന്ന ഇവർ കുര്യാർക്കുട്ടിയിൽ താമസമാക്കാൻ മറ്റു കാരണങ്ങളൊന്നും കാണുന്നില്ല. സഞ്ചരിക്കുന്ന ജനസമൂഹത്തെ ഭരണകൂടത്തിന് പേടിയാണെന്നുള്ള സ്കോട്ടിന്റെ (1998) നിരീക്ഷണം ശരിവയ്ക്കാതെ വകയില്ല.

ആദിവാസി മേഖലയിലെ കുടിയിറക്കലുകളും പലായനവും വളരെ പ്രധാന്യത്തോടെ കാണേണ്ട വിഷയമാണ്. കുര്യാർക്കുട്ടിക്കും പറമ്പിക്കുളത്തിനും പുറമെ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപത്താണ് കാടർ (പറമ്പിക്കുളം-വാഴച്ചാൽ വനമേഖലകളിൽ) അധിവസിച്ചിരുന്നത്. 1950-കളോടെ പറമ്പിക്കുളം  കുര്യാർക്കുട്ടി മേഖലയിൽ നിന്ന് മൂന്ന് വ്യത്യസ്ത വഴികളിലൂടെയാണ് ഇവർ വാഴച്ചാൽ വനമേഖലയിലെത്തുന്നത്. ട്രാംവേ ലൈൻ പൊളിച്ചുമാറ്റുന്നതിന് ശേഷവും പറമ്പിക്കുളം ആളിയാർ ഇന്റർബേസിന് റിവർ ലിങ്കിംഗ് പ്രോജക്ട് (പി.എ.പി) പദ്ധതിയുടെ ഫലമായി പല സമയങ്ങളിലുമായാണ് ഇത് സംഭവിക്കുന്നത്.

പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ ഭാഗമായി വന്ന മൂന്ന് ഡാമുകളുടെ (പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ്) സബ്മെർജൻസ് ഏരിയ എന്നത് 2466.66 ഹെക്ടർ വനഭൂമിയാണ്. ഇന്ന് പറമ്പിക്കുളം ഡാം സ്ഥിതിചെയ്യുന്ന സ്ഥലത്താണ് പണ്ട് കാടരുടെ പ്രധാനപ്പെട്ട വിഭവ ഉപയോഗമേഖല. 1958-ൽ  പണി ആരംഭിച്ച പറമ്പിക്കുളം ഡാമിനെ തുടർന്ന് ഷോളയാറിനടുത്ത് ചണ്ടന്തോട് എത്തുന്ന ഇതിലൊരു വിഭാഗം താമസിച്ചിരുന്നത് ഷോളയാർ പുഴയുടെ തീരത്ത് തന്നെയായിരുന്നു. തുടർന്ന് കേരള ഷോളയാർ ഡാമിന്റെ പണിയെ തുടർന്ന് അവരോട് അവിടെ നിന്ന് മാറിത്താമസിക്കാൻ ആവശ്യപ്പെട്ടു. പറമ്പിക്കുളത്തെ വലിയ ഒരു പ്രദേശം വെള്ളത്തിനടിയിലായതിനെ തുടർന്ന് ഇവർക്ക് വനവിഭവശേഖരണത്തിന് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടതായി വന്നു. ഇതാണ് ചണ്ടന്തോട്ടിലേയ്ക്കുള്ള അവരുടെ പ്രയാണത്തിന്റെ മുഖ്യകാരണമായി അവർ പറയുന്നത്.

പറമ്പിക്കുളം റിസർവ്വോയറിനടുത്ത് താമസിച്ചിരുന്നവർ വെള്ളം കയറുന്നതിനനുസരിച്ച് മുകളിലേക്ക് മാറിത്താമസിക്കുകയും തുടർന്ന് എർത്ത്ഡാം, പറമ്പിക്കുളം, കുര്യാർക്കുട്ടി എന്നിവിടങ്ങളിലേക്ക് മാറിത്താമസിക്കുകയുമാണുണ്ടായത്. ഇങ്ങനെ 1950 മുതൽ പലതരത്തിലുള്ള കുടിയൊഴിപ്പിക്കലുകൾ നേരിട്ടവരാണ് കാടർ. പറമ്പിക്കുളം വനമേഖലയിൽ നിന്നും മാറി, അവർ ഇന്നെത്തി നിൽക്കുന്നത് അതിരപ്പിള്ളി ഏരിയയിൽ തന്നെയാണ്. ഇനി ഒരു കുടിയൊഴിപ്പിക്കലിനുകൂടി അവരെ വിട്ടുകൊടുക്കുക അനീതിയാണ്. ഭൂമിക്കുമേൽ കാടർ അവകാശം ഉന്നയിച്ചിരുന്നില്ല എന്ന് Ehrenfels (1952) അദ്ദേഹത്തിന്റെ പഠനത്തിൽ പറയുന്നു. വിഭവങ്ങളോടുള്ള ഇത്തരം സമീപനം ഭരണകൂടത്തിന് അവരെ പല വനഭാഗങ്ങളിൽ നിന്നും ഇറക്കിവിടാൻ എളുപ്പമായി തീരുകയാണ് ചെയ്തത്. തുടർച്ചയായ ഭരണകൂട ഇടപെടൽ കാരണം ഉപജീവനവും ആവാസപ്രദേശങ്ങളും നഷ്ടപ്പെട്ടവരാണവർ. ഇത്തരം അനുഭവങ്ങൾ കാടരുടേത് മാത്രമല്ല. ആദിവാസി ഭൂമി അന്യാധീനപ്പെട്ടതിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ലോകമാസകലമുള്ള ആദിവാസികളുടെ ചരിത്രം ഇതിനോട് ചേർന്നു നിൽക്കുന്നത് തന്നെയാണ്.

1950 മുതൽ തന്നെ വികസന പദ്ധതികൾ ഒരു പരമ്പരയായി കാടർ മേഖലയിൽ വന്നുതുടങ്ങിയിട്ടുണ്ട്. വിഭവങ്ങൾക്കുമേൽ ഭരണകൂടത്തിനുള്ള അധികാരത്തിനെ, സർവ്വാധികാരത്തിന്റെ (eminent domain) ചട്ടക്കൂടിലൂടെ കാണാൻ സാധിക്കും. Eminent domain എന്ന ആശയം റവന്യൂ, വനവിഭവങ്ങൾ ഏറ്റെടുക്കുന്നതിന് വേണ്ടി ഭരണകൂടത്തിന് ഏകപക്ഷീയമായ അധികാരം കൊടുക്കുന്നുണ്ട്. തദ്ദേശീയ ജനസമൂഹങ്ങൾക്ക് വിഭവങ്ങളോടുള്ള ബന്ധത്തേയും അവകാശങ്ങളേയും അവമതിച്ചുകൊണ്ട് ഭരണകൂടം വിഭവങ്ങളുടെ മേൽ നടത്തുന്ന അധികാരമാണിതെന്ന് ഉഷാ രാമനാഥൻ (2009) പറയുന്നുണ്ട്. കാടർ അധിവാസ പ്രദേശങ്ങളിൽ ബ്രിട്ടീഷ് കാലം മുതൽ തന്നെ ഇത് ആരംഭിച്ചിട്ടുണ്ട്. കൊളോണിയലിസത്തിൽ രൂഢമൂലമായതാണ് ഭരണകൂടത്തിന്റെ സർവ്വാധികാരം എന്ന പ്രിയ ഗുപ്ത (2012) നിരീക്ഷിക്കുന്നുണ്ട്. 1894ൽ നിലവിൽ വന്ന ഭൂമിയേറ്റെടുക്കൽ നിയമം അതിന് ഉദാഹരണമായി അവർ മുന്നോട്ടുവയ്ക്കുന്നു. കാടർ മേഖലയെ സംബന്ധിച്ചും 1894 വളരെ സുപ്രധാനമാണ്. പറമ്പിക്കുളം മേഖലയിൽ തേക്ക് പ്ലാന്റേഷൻ ആരംഭിക്കുന്നതും ട്രാംവേ ലൈനിന്റെ പണി തുടങ്ങുന്നതും ഈ സമയത്താണ് എന്നത് ഒട്ടും യാദൃച്ഛികമല്ല. കാടരുടെ ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് നാനാവിധത്തിലുള്ള വികസന വനസംരക്ഷണ പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക അവസ്ഥകളെ സാരമായി തകിടം മറിച്ചിട്ടുണ്ട് എന്നാണ്.

## വനനിയമങ്ങളും കാടരും

1892ലെ വനനയരേഖ മുതൽ പരിശോധിച്ചു കഴിഞ്ഞാൽ കാലാകാലങ്ങളിൽ ആദിവാസി മേഖലകളിൽ വന്ന മാറ്റങ്ങൾ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. വനസംരക്ഷണത്തിന് വേണ്ടി ഒരളവുവരെ വനാശ്രിത സമൂഹങ്ങളുടെ അവകാശങ്ങൾ നിയന്ത്രിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യാം എന്ന് പറയുന്ന ഈ നയം, വനം ഭരണകൂടത്തിന്റെ സമ്പത്താണെന്നും അത് പൊതുതാത്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്താമെന്നും പറയുന്നു. തുടർന്നു വന്ന 1952ലെ വനനിയമം സോഷ്യൽ ഫോറസ്റ്ററിയെ വ്യാപകമായി പ്രോത്സാഹിപ്പിക്കുകയും കാലിവളർത്തലും മാറ്റകൃഷി സമ്പ്രദായവും നിർത്തലാക്കി. സാമ്പത്തികമായി ഉപയോഗപ്പെടുത്താവുന്ന, അതിവേഗത്തിൽ വളരുന്ന തടിമരങ്ങൾക്ക് ഊന്നൽ നൽകി. തുടർന്ന വന്ന രണ്ടാം പഞ്ചവത്സര പദ്ധതിയും (1956-61) തടി വ്യവസായത്തിന് പ്രധാന്യം നൽകി. ഇതിന് വേണ്ടി വിപുലീകരിച്ച വർക്കിംഗ് പ്ലാനിൽ ക്ലിയർ ഫെല്ലിംഗ് ആരംഭിച്ചു. ഈ പ്രദേശമൊക്കെ സൂര്യപ്രകാശം പോലും വരാത്ത പച്ച കാടായിരുന്നുവെന്നും ഏലവും ഈറ്റയും കൊണ്ട് നിറഞ്ഞിരുന്നുവെന്നും വനത്തോട്ടങ്ങൾ വന്നതോടെ മണ്ണൊലിപ്പ് കൂടിയെന്നും കാടർ പറയുന്നു. 1960ൽ പറമ്പിക്കുളത്ത് സ്പെഷ്യൽ പ്ലാന്റേഷൻ ഡിവിഷൻ ആരംഭിച്ച് 6070 ഹെക്ടർ സ്ഥലം തേക്ക് പ്ലാന്റേഷന് വേണ്ടി മാറ്റുകയുണ്ടായി. 1960നും 67നും ഇടയിൽ 6500 ഹെക്ടർ തോട്ടങ്ങൾ തന്മൂലം പറമ്പിക്കു

ളത്ത് ഉയരുകയുണ്ടായി. പുഴയുടെ നീരൊഴുക്ക് കുറഞ്ഞതും മണ്ണൊലിപ്പ് കൂടിയതുമെല്ലാം പ്ലാന്റേഷൻ കാരണമാണെന്ന് കുര്യാർകുട്ടിയിലെ കാടർ ആദിവാസികൾ പറയുന്നുണ്ട്. പരമ്പരാഗമായി ഉപജീവനത്തിന് ആശ്രയിച്ചുകൊണ്ടിരുന്ന ഒരു വലിയ വനഭാഗമാണ് അവർക്ക് നഷ്ടമായത്. ദേശതാത്പര്യം ഉന്നം വച്ച് നിലവിൽ വന്ന ദേശീയ വന നിയമം പക്ഷെ സഹായിച്ചത് ഭരണകൂടത്തിന്റെയും വ്യവസായങ്ങളുടെയും വൻ കർഷകരുടെയും താത്പര്യങ്ങളെയാണ്. 1972ലെ വന്യജീവി സംരക്ഷണ നിയമം വന്യജീവികൾക്ക് സംരക്ഷണം നൽകുമ്പോൾ ആദിവാസികളുടെ അവകാശങ്ങൾക്ക് വലിയ തോതിൽ വിലക്ക് ഏർപ്പെടുത്തുന്നുണ്ട്. ഈ നിയമം സംരക്ഷിത പ്രദേശങ്ങളിൽ നിന്നുള്ള വനവിഭവ ശേഖരണം പൂർണ്ണമായി നിയന്ത്രിക്കുന്നു. പരിസ്ഥിതി വൈവിധ്യം നിലനിർത്താൻ എല്ലാ തരത്തിലുമുള്ള ജനസമ്പർക്കം ഒഴിവാക്കണമെന്നതാണ് അമേരിക്കയിൽ ഉദയം കൊണ്ട വന്യതാ സങ്കൽപ്പത്തിന്റെ ആധാരമെന്ന് മാധവ് ഗാഡ്ഗിൽ-രാമചന്ദ്ര ഗുഹ (2000) നിരീക്ഷിക്കുന്നുണ്ട്. 1864 ൽ ആദ്യദേശീയ ഉദ്യാനം സ്ഥാപിക്കുന്നതിന് വേണ്ടി ആളുകളെ കുടിയിറക്കി. തുടർന്നുവന്ന വന്യതാ സംരക്ഷണ പ്രസ്ഥാനത്തിനെത്തുടർന്ന് വനങ്ങളിൽ നിന്നും വ്യാപകമായി കുടിയൊഴിപ്പിക്കലുകളുണ്ടായി. 1970 കൾക്ക് ശേഷമുണ്ടായ പല രീതിയിലുള്ള അന്തർദേശീയ ഉടമ്പടികളെ തുടർന്ന് ആദിവാസികൾക്ക് സംരക്ഷിത വനമേഖലയിലുള്ള അവകാശങ്ങൾ അംഗീകരിച്ചു തുടങ്ങുകയുണ്ടായി. പക്ഷെ ഇന്ത്യയിൽ 1970കൾക്ക് ശേഷം പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വലിയ മാറ്റങ്ങളുണ്ടായി. പ്രത്യേകിച്ച് പറഞ്ഞാൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായ സമയത്ത്. സ്റ്റോക്ഹോം കൺവെൻഷനിൽ പങ്കെടുക്കാനുണ്ടായ സാഹചര്യവും തുടർന്ന് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം കൂടിയതുമെല്ലാം ആദിവാസികളുടെ വിഭവങ്ങളിൽ നിന്നുള്ള അന്യാധീനപ്പെടലിൽ കലാശിച്ചു.

പറമ്പിക്കുളത്തിന്റെയും വാഴച്ചാലിന്റെയും കാര്യത്തിൽ രണ്ട് തരം കാഴ്ചകളാണ് കാണാൻ സാധിക്കുക. 1973ൽ വന്യജീവി സങ്കേതവും 2009ൽ കടുവാ സങ്കേതവുമാക്കിയ വനമേഖലയാണ് പറമ്പിക്കുളം. വാഴച്ചാൽ മേഖല റിസർവ്വ് വനമായതുകൊണ്ട് അവിടുത്തെ വനവിഭവ ശേഖരണം നിരോധിച്ചിട്ടില്ല. വന്യമൃഗങ്ങളുടെ ഭക്ഷണം അവരുടെ പ്രധാന പോഷകസ്രോതസ്സായിരുന്നു. വന്യമൃഗങ്ങളെ നേരിട്ട് വേട്ടയാടി ഭക്ഷിക്കുന്ന രീതിയല്ല ഇവരുടെ ഇടയിൽ ഉണ്ടായിരുന്നത്. മറിച്ച് വലിയ മൃഗങ്ങൾ തിന്ന് അവശേഷിക്കുന്ന മാംസമാണ് ഇവർ എടുത്തിരുന്നത്. വാഴച്ചാൽ വനമേഖലയിലെ അവരുടെ സൈര്യവിഹാരം തടയപ്പെടുന്നില്ല. ഇത്തരത്തിൽ ഭക്ഷണത്തിന്റെ സ്രോതസ്സ് തടയപ്പെട്ടതോടെ പൂർണ്ണമായും റേഷനരിയെ ആശ്രയിക്കുന്നത് തന്നെയാണ് ഇന്നത്തെ പ്രധാന ആരോഗ്യ അപചയമായി അവർ തിരിച്ചറിയുന്നത്. പറമ്പിക്കുളം പ്രദേശത്തെ സംബന്ധിച്ച് വളരെ വിചിത്രമായ ഒരനുഭവമുണ്ട്. കടുവാ സങ്കേതം ആക്കിയ ശേഷം വനത്തിന്റെ ഉള്ളിൽ ഒരു തരത്തിലുമുള്ള സഞ്ചാരവും അനുവദനീയമല്ല. കടുവാ സങ്കേതം ആയതോടുകൂടി പശുക്കളെ മുഴുവൻ അവിടെ നിന്ന് നിർബന്ധിതമായി ഒഴിവാക്കി. ഒരുതരത്തിലുള്ള വനവിഭവ ശേഖരണവും മീൻപിടുത്തവും കിഴങ്ങുവർഗ്ഗ ശേഖരണവും അവിടെ അനുവദിക്കുന്നില്ല. നിത്യോപയോഗത്തിന് പോലും മീൻ കാശുകൊടുത്ത് വാങ്ങേണ്ട അവസ്ഥയാണ് ചുറ്റും പുഴകളൊഴുകുന്ന കുര്യാർക്കുട്ടിക്കാർക്കുള്ളത്. ചാലക്കുടിപ്പുഴയുടെ പ്രധാനകൈവഴികൾ ഒന്നുചേരുന്ന പ്രധാനപ്പെട്ട ഒരു സ്ഥലമാണ് കുര്യാർക്കുട്ടി. കരിമലഗോപുരം എന്ന കാടരുടെ ജീവതവും ഉത്പത്തിയുമായി ഒക്കെ ബന്ധമുള്ള വളരെ പ്രധാനപ്പെട്ട ഒരു മലനിരയിലേക്ക് പ്രവേശനം പോലും നിഷേധിക്കപ്പെട്ട് വനസംരക്ഷണത്തിന്റെ തടവുകാരായി ജീവിക്കുകയാണ് അവർ.

1980ൽ വന്ന വനസംരക്ഷണ നിയമം ഒരുപാട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. 1980 മുതൽ വാഴച്ചാൽ വനമേഖലയിൽ ആദിവാസികൾ സ്ഥിരതാമസമാക്കിയത് ഇതിന് ശേഷമാണ്. ഇതിനെ തുടർന്നുവന്ന ദേശീയ വനനയം 1988 ഉം അതിനെ തുടർന്ന് പങ്കാളിത്ത വനപരിപാലന പദ്ധതിയും നിലവിൽ വരുകയും ചെയ്തു. വിറക്, കാലിത്തീറ്റ, വനവിഭവങ്ങൾ എന്നിവയുടെ ശേഖരണം ഊർജ്ജിതപ്പെടുത്തി. പരിസ്ഥിതി സംരക്ഷണവും വികസനവും അതിലൂടെ ആദിവാസികൾക്ക് സ്ഥിരമായ വരുമാനം ഉറപ്പുവരുത്താനും നയം നിർദ്ദേശിക്കുന്നുണ്ട്. 2006ൽ വന്ന വനാവകാശ നിയമമാണ് പിന്നീട് ആദിവാസികൾ അനുഭവിച്ച് വരുന്ന എല്ലാ അവകാശങ്ങളും അംഗീകരിക്കുന്നതിന് തീരുമാനമായത്. കേരളത്തിൽ തന്നെ ആദ്യമായി വനാവകാശ നിയമപ്രകാരം അവകാശപ്പെടുത്തിയത് ആദ്യമായി കാടരാണ്. ഗ്രാമസഭകളുടെ വിവേചനാധികാരം ഉപയോഗിച്ച്, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരെ പ്രമേയം പാസ്സാക്കിയും, പാർലമെന്റ് തെരഞ്ഞെടുപ്പിൽ(2014) നിന്ന് വിട്ടുനിന്നും അവർ വ്യത്യസ്തരായി. കേരള വന നിയമം(1961), സ്വകാര്യ വനം നിക്ഷിപ്തവനമാക്കൽ നിയമം(1974), അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ നിയമം(1975), എന്നിവയൊന്നും കാടരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയില്ല. കാടരെ സംബന്ധിച്ച് ഭൂമി നഷ്ടപ്പെട്ടത് ഭരണകൂടത്തിന്റെ ഇടപെടൽമൂലം മാത്രമാണെന്ന് ശ്രദ്ധിക്കേണ്ടതാണ്.

## പങ്കാളിത്ത വനസംരക്ഷണം

ഏതൊരു മാറ്റത്തെയും പോലെത്തന്നെ, പങ്കാളിത്ത വനസംരക്ഷണവും വളരെ വൈകിത്തന്നെയാണ് സ്വീകരിക്കപ്പെട്ടത്. 1990ലെ വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗൈഡ് ലൈൻസിനെ തുടർന്ന് ഏതാണ്ട് പത്തുവർഷങ്ങൾക്ക് ശേഷമാണ് കേരളം ഒരു ഗൈഡ്ലൈൻസ് കൊണ്ടുവരുന്നത്. പൂർണ്ണമായും ആദിവാസികളുടെ വിശ്വാസങ്ങളെയോ, പരമ്പരാഗത അവകാശങ്ങളെയോ അംഗീകരിക്കുന്ന രീതിയിലുള്ള വ്യാപ്തി അതിനില്ല. വനസംരക്ഷണ സമിതിയുടെ പ്രധാനപ്പെട്ട ഘടകമായ മൈക്രോപ്ലാൻ രൂപീകരണം മുതൽ പുതിയ മരങ്ങളുടെ നഴ്സറി രൂപീകരണം വരെയുള്ള കാര്യങ്ങളിൽ പ്രത്യേകിച്ച്, ഏത് തരം മരങ്ങൾ നട്ട് വളർത്തണം തുടങ്ങിയ കാര്യങ്ങളിൽ ആദിവാസികളുടെ അറിവ് എത്രത്തോളം അംഗീകരിക്കപ്പെടുന്നു എന്നതുവരെ നോക്കേണ്ടതാണ്. പ്രത്യേകിച്ചും കാട്ടിൽ വീണുപോകുന്ന മരങ്ങളുടെ നഴ്സറി രൂപീകരണവും തയ്യുൽപ്പാദനവും. അല്ലെങ്കിൽ വറ്റിപ്പോയ നദികളുടെ പുനരുജ്ജീവനത്തിന് അനുചിതമായ ചെടികൾ എന്നിവയെക്കുറിച്ചുള്ള ആദിവാസികളുടെ അറിവുകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. അതേസമയം, പുറമെ നിന്നുള്ള

അനധികൃത മീൻപിടുത്തവും വനവിഭവശേഖരണവും കുറഞ്ഞിട്ടുണ്ട്. മുകളിൽ നിന്നും താഴേക്ക് വരുന്ന തരത്തിലുള്ള പദ്ധതികളിൽ അഭിപ്രായ സ്വാതന്ത്ര്യമോ, തീരുമാനമെടുക്കാനുള്ള സാഹചര്യമോ വിഎസ്എസ് അംഗങ്ങൾക്ക് എത്രത്തോളമുണ്ട് എന്നുള്ളത് പരിഗണിക്കേണ്ടതുണ്ട്. പറമ്പിക്കുളത്ത് ടൂറിസം ശക്തമായതുകൊണ്ടും കാടരുടെ മറ്റു ഉപജീവനമാർഗ്ഗങ്ങൾ നിലച്ചതും ഒക്കെത്തന്നെ വിഎസ്എസിന്റെ മേൽ അധികാരം പ്രയോഗിക്കാൻ വനംവകുപ്പിന് കഴിയുന്നുണ്ട്. പങ്കാളിത്തം എന്ന ആശയം ഒരുപാട് വിമർശനവിധേയമാക്കപ്പെട്ടതാണ്. 1990 മുതൽ ഏറ്റവും കൂടുതൽ വിൽപ്പനച്ചരക്കാക്കിയിട്ടുള്ള ഒരു ആശയമാണിത്; പലതരത്തിലുള്ള പണിക്ക് ഏജൻസികൾക്കും ആവശ്യമായ ഒരു ആശയായി ഇത് മാറി. മാർക്സിസ്റ്റ് ചിന്തയിലൂന്നിയ പങ്കാളിത്ത പഠനവിഭാഗം (participatory Action Research) മുന്നോട്ട് വക്കുന്ന പ്രധാന ആശയം, പങ്കാളിത്തം എന്നത് പദ്ധതിയുടെ ഉദ്ദേശം വികസനമോ, ദാരിദ്ര്യനിർമ്മാർജ്ജനമോ അല്ല. മറിച്ച് അവരുടെ സാംസ്കാരിക- രാഷ്ട്രീയ- സാമ്പത്തിക വ്യവസ്ഥകളിൽ മാറ്റം വരുത്തുക എന്നതുമാണ്.

## ഇക്കോ ടൂറിസം

ഇക്കോ ടൂറിസത്തെ ആദിവാസികളുടെ ഒരു സുസ്ഥിര ഉപജീവന മാർഗ്ഗമായാണ് ചിത്രീകരിക്കുന്നത്. റിസർവ്വ് വനമായ വാഴച്ചാൽ ഭാഗത്ത് ഇക്കോ ടൂറിസം എന്നത് കേവലം ഒരു സാധ്യതയാകുമ്പോൾ, സംരക്ഷിത പ്രദേശത്ത് അത് ഉപജീവനത്തിനുള്ള ഏത ആശ്രയമായി ചുരുങ്ങുന്നു. വാഴച്ചാലിൽ പല സ്ത്രീകളും പൂർണ്ണമായും ടൂറിസം പണി ഉപേക്ഷിച്ച് മീൻപിടിച്ചു ജീവിക്കുന്നുണ്ട്. വിനോദസഞ്ചാരത്തിന് ഒരു നിയന്ത്രണം ഏർപ്പെടുത്താൻ തയ്യാറാകാത്തതുകൊണ്ടുതന്നെ വാഴച്ചാൽ ഊരിന്റെ ഒരു ഭാഗം എല്ലാ സമയത്തും വിനോദസഞ്ചാരികൾ വലയം ചെയ്തുകൊണ്ടിരിക്കുന്നത് കാണാം. വിനോദസഞ്ചാരികൾ ഒഴിയുന്നതുവരെ പുഴയിൽ ഇറങ്ങാൻപോലും സാധിക്കാതെയാണ് അവരുടെ ജീവിതം. വിനോദസഞ്ചാരികളുടെ ഉപദ്രവം കാരണം കാടർ സ്ത്രീകളുടെ സൈര്യ സഞ്ചാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്. വിഭവങ്ങളോട് ഏറ്റവും അടുത്ത് ബന്ധം പുലർത്തുന്ന ഒരു കൂട്ടം ആളുകളിൽ നിന്ന് വിഭവങ്ങൾ ആദ്യമായി അത് മറ്റൊരു വിഭാഗം ആളുകൾക്ക് ലഭ്യമാക്കുകയുമാണ് ഇക്കോ ടൂറിസം ചെയ്യുന്നത്. വൈവിധ്യമായ സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളെ എല്ലാംതന്നെ പറിച്ചുമാറ്റി ഒരു ഏകവിള സംസ്കാരം കൊണ്ടുവരുന്ന രീതിയാണ് ഇക്കോടൂറിസത്തിന്റേത്. അനാദിവാസികൾ അവരുടെ സദാചാരമൂല്യങ്ങൾ കാടർ സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചുവെന്നും, അവരുടെ കടമ റാഡിക്കലി മാറ്റിയെന്നും സമൂഹത്തിൽ കാടർ സ്ത്രീകളുടെ സ്ഥാനം കുറക്കാൻ അത് കാരണമായെന്നും എറൻഫെൽസ്(1952) പറയുന്നു. ചെറു കുടുംബങ്ങളായി ജീവിച്ചുപോരുന്ന കാടർ, മീൻപിടുത്തം, വിറക് എടുക്കൽ, വനവിഭവശേഖരണം എന്നിവയെല്ലാം ഒന്നിച്ചുതന്നെയാണ് ചെയ്തുവരുന്നത്. ഇത്തരം കാഴ്ചകൾ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്. ലിംഗാടിസ്ഥാനത്തിൽ ഉള്ള ജോലികൾ/തരംതിരിവ് വിഎസ്എസ് വന്നതിനുശേഷം കൂടിയിട്ടുണ്ട്. വാഴച്ചാലിലെ എട്ട് ഊരുകളിൽ വാഴച്ചാൽ ഊര് ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖല ആയതുകൊണ്ടുതന്നെ എല്ലാ ദിവസവും ജോലി ലഭ്യതയുണ്ട്. അതേസമയം, ഏത് ജോലികളാണ് ഇവർ ചെയ്യുന്നത് എന്നതും പ്രധാനമാണ്. വാച്ച്മാൻ ജോലിയോ, ചെക്ക്പോസ്റ്റിൽ ജോലി ചെയ്യുന്ന ആണുങ്ങളും, വൃത്തിയാക്കൽ, ഇൻഫർമേഷൻ സെന്റർ എന്നിവിടങ്ങളിൽ നിൽക്കുന്ന സ്ത്രീകളും. ഇത്തരത്തിൽ കായികാധ്വാനം ആവശ്യമുള്ള ജോലികളല്ലാതെ വേറെ ഏതെങ്കിലും തരത്തിൽ വിഎസ്എസുകാരെ ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടില്ല. വാഴച്ചാൽ മേഖലയിൽ, ചെയർ പൂർണ്ണമായും വനത്തിൽ നിന്നും വിട്ടുനിൽക്കുമ്പോൾ മീൻപിടുത്തം മാത്രം നടത്തി പൂർണ്ണമായും വിഎസ്എസിൽ നിന്നും വിട്ടുനിൽക്കുന്ന സ്ത്രീകളുമുണ്ട്. എന്നാൽ സംരക്ഷിത പ്രദേശങ്ങളിലെ അവസ്ഥ വ്യത്യസ്തമാണ്. കുടുംബമായി കാട്ടിൽ പോവുകയോ, വനവിഭവങ്ങൾ എടുക്കുകയോ ചെയ്യുന്നത് മറഞ്ഞുപോയ ഏതോ ഭൂതകാല സ്മരണയാണ് അവർക്ക്. പുരുഷന്മാർ വാച്ചർമാരോ, ടൂറിസ്റ്റ് ഗൈഡുമാരോ തന്നെയാണ് മുഴുവൻ പേരും. സ്ത്രീകൾക്ക് മുഴുവൻ സമയ വാച്ചർമാരാവാനുള്ള അവസരം പോലും കുറവാണ്. "വിഎസ്എസിന്റെ ജോലികളിൽ പറമ്പിക്കുളം ഭാഗത്ത് സ്ത്രീകൾ വളരെ കുറവാണ് താനും. സ്ത്രീകൾ ചോലക്കാടുകളിൽ ചുറ്റി നടക്കുകയും വനവിഭവങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ കിഴങ്ങുകൾ പോലും ശേഖരിക്കുന്നതിന് വിലക്കാണ്. സ്ത്രീകൾക്ക് ചുരുങ്ങിയ ദിവസങ്ങളിൽ കൂലിപണി ലഭിക്കും. അല്ലെങ്കിൽ ഭക്ഷണം ഉണ്ടാക്കി വീട്ടിലിരിക്കും, ഞങ്ങൾക്കും പുറത്തുള്ളവർക്കും ഒരേ രീതിയാണിപ്പോൾ."

കുടുംബം ഒന്നാകെ കാട്ടിൽ പോവുകയും, വനവിഭവ ശേഖരണം നടത്തുകയും ചെയ്തിരുന്നവരാണ് കാടർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ആരുടെയെങ്കിലും ഒരാളുടെ ഉത്തരവാദിത്വമായി കുടുംബത്തെ അവർ കാണുന്നില്ല. ഇന്നത്തെ അവസ്ഥയാണെങ്കിൽ, സാമ്പത്തികമായി സ്ത്രീകളുടെ കോൺട്രിബ്യൂഷൻ വളരെ തുച്ഛമായിരിക്കുകയും സ്ത്രീകളെ തികച്ചും ഗാർഹികവൽക്കരിക്കുന്ന കാഴ്ചയുമാണ്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളിൽ നയപരമായി ലിംഗനീതി ഉൾപ്പെടുത്തേണ്ടതുണ്ട്. വിഭവങ്ങളിൽ നിന്നും സ്ത്രീകളെ പൂർണ്ണമായി അകറ്റിനിർത്തിക്കൊണ്ടുള്ള വനപരിപാലനമാണ് നടക്കുന്നത്. കാടും, പ്രകൃതിയുമായുള്ള അഭേദ്യമായ ബന്ധത്തെ അതിന്റെ പരമാർത്ഥത്തിൽ മനസ്സിലാക്കാതെ കാടു സംരക്ഷിക്കാനുള്ള കേവലം ഒരു ജോലി മാത്രമായാണ് വിഎസ്എസിനെ വിഭാവനം ചെയ്തിരിക്കുന്നത്. സ്ത്രീകളെ പൂർണ്ണമായും സാമ്പത്തിക ഇടപാടുകളിൽ നിന്നും മാറ്റി നിർത്തി അത് പുരുഷനിൽ നിക്ഷിപ്തമാക്കുക എന്ന മുഖ്യധാരാ നിലപാടാണോ എന്ന് സംശയിക്കേണ്ടതുണ്ട്. ഇത്തരത്തിൽ കാടർ മേഖലയിൽ സംഭവിക്കുന്ന പല രീതിയിലുള്ള അധിനിവേശങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.

## കാടരുടെ ഉണർവ്വ്

ഏകദേശം ഇതേ കാലയളവിൽ തന്നെയാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കോൺട്രാക്ട് സിസ്റ്റം ആരംഭിക്കുന്നത്. കാടർ ശേഖരിച്ചിരുന്ന വനവിഭവങ്ങൾ 'മാറ്റക്കട' എന്നുവിളിച്ചിരുന്ന ചെറിയ കടകളിൽ കൊണ്ടുപോയി കൊടുക്കുന്നതിന് പകരമായി അവർക്ക് ലഭിച്ചിരുന്നത് അരി, മുളക്,

എണ്ണ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളാണ്. ആദിവാസികൾക്ക് പലതരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ പരിചയപ്പെടുത്തുന്നതും ഈ സമയത്ത് തന്നെയാണ്; കറുപ്പ്, ചാരായം തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ വലിയ തോതിൽ ഈ മേഖലകളിലേക്ക് ഒഴുകുകയുണ്ടായി. ഉത്സവകാലങ്ങളിൽ ലിറ്ററുകണക്കിന് മദ്യമാണ് ഇവർക്ക് കൊടുത്തുകൊണ്ടിരുന്നത്.

ആദിവാസികളുടെ ദിവസങ്ങളോളം നീണ്ടുനിന്ന അധ്വാനത്തെ മുതലെടുത്ത് തിന്നുകൊഴുത്ത ഇടനിലക്കാർ, കാടർ നൽകുന്ന വനവിഭവങ്ങൾ അളന്ന് ചിട്ടപ്പെടുത്താൻ ശ്രമിക്കുകയോ, മാന്യമായ രീതിയിൽ വസ്തുക്കൾ തിരിച്ചുനൽകുകയോ ചെയ്തില്ല. മാറ്റക്കടകളിൽ കടം നിലനിർത്തുക വഴി, കാടരെക്കൊണ്ട് നിർബന്ധിച്ച് വനവിഭവശേഖരണം നടത്താൻ ശ്രമിക്കുകയും ചെയ്തു. ഈ ചൂഷണത്തെ തുടർന്നാണ് 1982-ൽ ഗിരിജൻ സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നത്. അതോടെ വനവിഭവശേഖരണം സൊസൈറ്റി ഏറ്റെടുക്കുകയും ആദിവാസികൾക്ക് പൈസകിട്ടാനും തുടങ്ങി. പക്ഷേ, വിപണി ആവശ്യങ്ങൾ നിർണ്ണയിച്ചപ്പോൾ തെള്ളി (കുന്തിരിക്കം) പോലുള്ള വിഭവങ്ങൾ അധികം ശേഖരിക്കാനുള്ള ആവശ്യം വന്നുതുടങ്ങി. കാലക്രമേണ ഇത് തെള്ളി മരങ്ങളുടെ നിലനിൽപ്പിന് തന്നെ അപകടമായി തുടങ്ങി. വിഭവങ്ങൾ അളക്കുന്നതിൽ വിമുഖത കാണിക്കുന്ന സൊസൈറ്റിയും വേറൊരു വിധത്തിൽ ചൂഷകരായിത്തീർന്നു.

അമേരിക്കൻ 'നാഷണൽ പാർക്ക് മോഡലി'ൽ നിന്ന് ഊർജ്ജം കൊണ്ട് വികസ്വര രാജ്യങ്ങൾ ഇത്തരം 'വന്യതാ' സങ്കൽപ്പം ഏറ്റെടുത്തപ്പോൾ മറ്റെവിടെയും പോലെ തന്നെ കാടരെയും വലിയ അളവിൽ വിഭവങ്ങളിൽ നിന്ന് മാറ്റിനിർത്തി; ഈ വന്യതാ സങ്കൽപ്പത്തിന്റെ ആധാരം തന്നെ മനുഷ്യനെ ഒഴിവാക്കിയുള്ള പരിസ്ഥിതി സംരക്ഷണമാണ്.

വാഴച്ചാൽ മേഖലയിലെ വനവിഭവ ശേഖരണം ഇപ്പോൾ പ്രധാനമായും നടന്നുവരുന്ന ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് കീഴിൽ വരുന്ന 'വനശ്രീ' വഴിയാണ്. വനനിയമങ്ങൾ കർശനമായതോടുകൂടി വനവിഭവശേഖരണത്തിലും മാറ്റം വന്നു. 1972 ൽ വന്യജീവിസംരക്ഷണം നടപ്പിലാക്കിയതിനെ തുടർന്ന് പറമ്പിക്കുളം പോലുള്ള പ്രദേശങ്ങൾ വന്യജീവിസങ്കേതങ്ങളായി പ്രഖ്യാപിച്ചു. ഇതിനെ തുടർന്ന് ഇത്തരം മേഖലകളിലെ തടിയിതര വനവിഭവശേഖരണം നിർത്തലാക്കി. എന്നാൽ വാഴച്ചാൽ മേഖലയിലെ വനവിഭവശേഖരണം തുടർന്നു. അമേരിക്കൻ 'നാഷണൽ പാർക്ക് മോഡലി'ൽ നിന്ന് ഊർജ്ജം കൊണ്ട് വികസ്വര രാജ്യങ്ങൾ ഇത്തരം 'വന്യതാ' (wilderness) സങ്കൽപ്പം ഏറ്റെടുത്തപ്പോൾ മറ്റെവിടെയും പോലെ തന്നെ കാടരെയും വലിയ അളവിൽ വിഭവങ്ങളിൽ നിന്ന് മാറ്റിനിർത്തി; ഈ വന്യതാ സങ്കൽപ്പത്തിന്റെ ആധാരം തന്നെ മനുഷ്യനെ ഒഴിവാക്കിയുള്ള പരിസ്ഥിതി സംരക്ഷണമാണ്. ഇതിൽ നിന്നും വ്യത്യസ്തമായി 2006 ൽ വനാവകാശനിയമം നിലവിൽ വന്നപ്പോൾ സഹജീവന (co-existence) ത്തിന്റെ പുതിയ നിയമ വഴിയാണ് അത് കാണിച്ചുതന്നത്. വികസന പ്രവർത്തനം ഉൾപ്പെടെയുള്ളവയ്ക്ക് ഊരുകൂട്ടം/ഗ്രാമസഭയുടെ സമ്മതം (consent) വേണം എന്നത് തന്നെ വലിയ ബാധ്യതയായിട്ടാണ് കേന്ദ്ര പരിസ്ഥിതിമന്ത്രാലയം ഉൾപ്പെടെയുള്ളവർ കാണുന്നത്. ഈ അവസ്ഥയിലാണ് വാഴച്ചാൽ കാടർ ഊരുകൂട്ടം പദ്ധതിക്കെതിരെ പ്രമേയം പാസ്സാക്കിക്കൊണ്ട് രംഗത്തുവരുന്നത്.

വാഴച്ചാൽ വനമേഖലയിലെ മലക്കപ്പാറ മുതൽ വാഴച്ചാൽ വരെയുള്ള കാടർ ഊരുകൾ ഒക്കെത്തന്നെയും സ്ഥിതിചെയ്യുന്നത് ചാലക്കുടിപ്പുഴയുടെ തീരത്താണ്. എന്നിരുന്നാലും അതിതീവ്രമായ ജലക്ഷാമം ഇവർ അനുഭവിക്കുന്നുണ്ട്. ഈ പുഴയിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലാതിരിക്കുക എന്നതുതന്നെ അത്യന്തം വിഷമകരമായ അവസ്ഥയാണ്. അപ്പർ ഷോളയാർ, ലോവർ ഷോളയാർ, പൊരിങ്ങൽക്കുത്ത് എന്നീ ഡാമുകളിൽ നിന്നൊക്കെയുള്ള നിയന്ത്രിതവും മലിനവുമായ ജലവിതരണം ഇവരുടെ കുടിവെള്ളം മുട്ടിച്ചിരിക്കുകയാണ്. കുടിവെള്ളത്തിനായി തോടുകളേയും, പഞ്ചായത്തിനെയും ഒക്കെ ആശ്രയിക്കേണ്ട അവസ്ഥയാണിപ്പോൾ.

പുഴയിലേക്കുള്ള നീരൊഴുക്ക് കുറയുന്നതോടുകൂടി, പുഴയുടെ താഴെയുള്ള മേഖലകളിൽ ഉപ്പുവെള്ളം കയറാനും, കൃഷി അപ്രാപ്യമാകാനും, കുടിവെള്ളം മുട്ടാനും തുടങ്ങി. കടലിലേക്ക് പുഴ എത്താതായതോടെ തന്നെ മത്സ്യബന്ധനത്തെ സാരമായി ബാധിച്ചുതുടങ്ങിയേക്കും. ഇതുകൊണ്ടുതന്നെ, 'ഒഴുകുന്ന പുഴ' എന്ന് പറയുന്നത് കേവലം കാല്പനികതയല്ല, മറിച്ച് അതിന് ജൈവികവും ഭൗതികവുമായ ധർമ്മങ്ങളുണ്ട്. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരെ ഇത്രയും വർഷം ഉറച്ചുനിന്നവരാണ് കാടർ. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ നിന്ന് വാഴച്ചാലിലെ വലിയ ഒരു വിഭാഗം, ഒരു പ്രഖ്യാപനമെന്നപോലെ സ്വമേധയാ മാറിനിന്നതും പദ്ധതിക്കെതിരായി ഊരുകൂട്ടത്തിൽ പ്രമേയം പാസ്സാക്കുകയും, ഒറ്റക്കെട്ടായി പദ്ധതിയെ എതിർക്കുന്ന കാടരുടെ ഇച്ഛാശക്തിയെ രാഷ്ട്രനന്മയുടെ പേരിൽ വെല്ലുവിളിക്കാൻ ശ്രമിക്കുന്ന ഭരണകൂടത്തെ തുരത്തി ഓടിക്കേണ്ടതുണ്ട്.

**Reference:**

1. Thruston, Edger. 1909, Caste and Tribes of Southern India. Vollume III, Madras.

2. Varma, Devan 2005, Journal of Cochin State Forest territory, Published to Concentrate the cetenery, 1906-2006 of the Cochin State Forest Territory.

3. Scotte. James C. 1988. Seeing hike a State, How Castes Schemes to improve the Human Condition Have jailed Newyork, Yale University.

4. Ramanathan, Usha, 2009- A word of eminent domains. International Environmental Law Research Centre-Switzerland.

5. Gupta, Priya 2012. The peculiar circumstances of Envirnment Doman in India. The Osgoode Hall Law Journal, Vol 49.

6. Gadgil, Madhav and Guha, Ramachandra, 2000 The Use and Abuse of Nature, NewDelhi: Oxford University Press.

7. Ehrenpels, V.R. 1952. Kadar of Cochin. Madras: University of Madras Press. ■